# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3464 — 15.03.2018 ൽ മറുപടിക്ക്.

## ചരക്ക് സേവനനികുതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ നടപടി

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, കെ.സി.ജോസഫ്
,, റോജി എം. ജോൺ
,, ഹൈബി ഈഡൻ :

**മറുപടി**

ഡോ.ടി.എം.തോമസ് ഐസക്ക്
(ധനകാര്യവും കയറും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | ചരക്ക് സേവനനികുതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ നടപടി പൂർത്തിയായിട്ടുണ്ടോ; | (എ) | ചരക്ക് സേവന നികുതിയുടെ ഭാഗമായി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണ്. |
| ബി) | ചരക്ക് സേവനനികുതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ ഇപ്പോഴും പല വ്യാപാരികളും എടുത്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വാറ്റ് നിയമത്തിൽ 10 ലക്ഷത്തിനു മുകളിൽ വിറ്റു വരവുള്ളവർ രജിസ്ട്രേഷൻ എടുക്കേണ്ടിയിരുന്നു. എന്നാൽ ജി.എസ്.ടി. നിയമമനുസരിച്ച് 20 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ളവർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്താൽ മതിയാകും. ഇതനുസരിച്ച് വാറ്റിൽ രജിസ്ട്രേഷനുണ്ടാ യിരുന്ന എല്ലാ വ്യാപാരികളും നിയമപരമായി ജി.എസ്.ടി.യിൽ രജിസ്ട്രേഷന് ബാധ്യതയില്ല. അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന വ്യാപാരികൾ വിറ്റുവരവിന്റെ പരിധിയില്ലാതെ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയുള്ള വ്യാപാരികളെ ഫീൽഡ് സർവ്വേ വഴിയും ഇന്റലിജൻസ് വിഭാഗത്തിന്റെ ചരക്കു പരിശോധന വഴിയും കണ്ടെത്തുന്ന മുറയ്ക്ക് സ്വമേധയാ രജിസ്ട്രേഷൻ കൊടുക്കാവുന്നതാണ്. |
| (സി) | റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികളെ ഇതിനായി പ്രേരിപ്പിക്കുന്നതിന് വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് അറിയിക്കാമോ; | (സി) | റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികളുടെ വിവരം ജി.എസ്.ടി. എൻ ബാക്ക് എൻഡിൽ ലഭ്യമാണ്. ഇത്തരക്കാരെ ബന്ധപ്പെട്ട് റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പ് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ജി.എസ്.ടി രേഖകളുടെ ശേഖരണം, സൂക്ഷ്മ പരിശോധന, അസസ്സ്മെന്റ് എന്നിവ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (ഡി) | ജി.എസ്.ടി. നെറ്റ് വർക്ക് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല. ജി.എസ്.ടി. രേഖകളുടെ ശേഖരണം ജി.എസ്.ടി. നെറ്റ് വർക്ക് പൂർത്തിയായതിനു ശേഷമേ സാധ്യമാകൂ. നിലവിൽ കമ്പ്യൂട്ടർ അധിഷ്ഠിത സൂക്ഷ്മ പരിശോധനയാണ് ജി.എസ്.ടി. വിവക്ഷിക്കുന്നത്. ഇതിന്റെ പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നു വരുന്നു. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ വിവരങ്ങളുടെ സൂക്ഷ്മപരിശോധനയും അസസ്സ്മെന്റും നടത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | ചരക്ക് സേവന നികുതിയിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനം ആണ്. ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചു. ചരക്കുസേവന നികുതി നിയമ പ്രകാരം അന്തർ സംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മ പരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ (ജി.എസ്.ടി.എൻ.) പൂർണ്ണമായി പ്രവർത്തന ക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കു |

| | | | |
|---|---|---|---|
| | | | മെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്ന തിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാന ത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (എഫ്) | അതിർത്തികളിലെ പരിശോധനയ്ക്കും വാഹനങ്ങളിലും ചരക്കുകൾ സൂക്ഷി ക്കുന്ന കടകളിലും പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടു ണ്ടോ എന്ന് അറിയിക്കാമോ.? | (എഫ്) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ